## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2114 — 06.02.2019 ൽ മറുപടിക്ക്

# കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രിയിലെ സൗകര്യങ്ങൾ

| | ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പുതിയകാവിൽ പ്രവർത്തിക്കുന്ന നെഞ്ചു രോഗാശുപത്രിയിൽ എത്ര കിടപ്പ് രോഗികൾക്കുള്ള സൗകര്യമാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കാമോ; ഇവിടെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുമോ; | (എ) | കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പുതിയകാവിൽ പ്രവർത്തിക്കുന്ന നെഞ്ചു രോഗാശുപത്രിയിൽ 50 കിടപ്പ് രോഗികൾക്കുള്ള സൗകര്യമാണ് നിലവിലുള്ളത്. പ്രസ്തുത ആശുപത്രിയിൽ അനുവദിച്ച തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. അസിസ്റ്റന്റ് സർജൻ - 2<br>2. സീനിയർ ക്ലാർക്ക്/ക്ലാർക്ക് - 1<br>3. ആഫീസ് അറ്റൻഡന്റ് - 1<br>4. ഫാർമസിസ്റ്റ് - 2<br>5. റേഡിയോ ഗ്രാഫർ - 1<br>6. ട്രീറ്റ്മെന്റ് ഓർഗനൈസർ - 1<br>7. ലാബ് ടെക്നീഷ്യൻ - 1<br>8. എക്സ്റേ അറ്റൻഡന്റ് - 1<br>9. നഴ്സിംഗ് അസിസ്റ്റന്റ് - 6 (1 Vacant)<br>10. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - II – 6<br>11. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - I – 1<br>12. പി.റ്റി.എസ്. - 1 (Vacant)<br>13. നഴ്സിംഗ് സൂപ്രണ്ട് - 1<br>14. ഹെഡ് നഴ്സ് - 1<br>15. സ്റ്റാഫ് നഴ്സ് - 6 |
| (ബി) | ഇവിടെ വൈകുന്നേരങ്ങളിൽ ഒ.പി. പ്രവർത്തിക്കുന്നുണ്ടോ; ലാബ്, ഇ.സി.ജി തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണോ; വിശദീകരിക്കാമോ; | (ബി) | മിനിമം 4 ഡോക്ടർമാരുടെ സേവനമുള്ള സ്ഥാപനങ്ങളിലാണ് ഒ.പി.സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുള്ളത്. ലാബ്, ഇ.സി.ജി തുടങ്ങിയ സൗകര്യങ്ങൾ ഒ.പി.സമയങ്ങളിൽ ലഭ്യമാണ്. |
| (സി) | കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിച്ച് ആശുപത്രി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (സി) | നിലവിൽ [illegible] ആരോഗ്യ സ്ഥാപനങ്ങളെ ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുവാനാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പുതിയകാവിൽ പ്രവർത്തിക്കുന്ന നെഞ്ചു രോഗാശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുന്ന ഘട്ടത്തിൽ ഇവിടത്തെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ